# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2193 07.12.2015 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന വകുപ്പിൽ 529 പുതിയ തസ്തികകൾ

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ : | | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ 529 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായിട്ടുള്ള ഗതാഗത കമ്മീഷണറുടെ ശിപാർശ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റി പരിശോധിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ ; | (എ) | സമർപ്പിച്ചിരുന്നു . |
| (ബി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട് മന്ത്രിസഭ എടുത്ത തീരുമാനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ ? | (ബി) | എംപവേർഡ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിൽ 55 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുവാൻ 20.02.2013-ലെ മന്ത്രിസഭായോഗം തീരുമാനിച്ചു. കൂടാതെ, എക്സിക്യൂട്ടീവ് മിനിസ്റ്റീരിയൽ വിഭാഗങ്ങളിലായി 178 അധിക തസ്തികകളും 28 ഡ്രൈവർ തസ്തികകളും , വകുപ്പിൽ നിലവിലുള്ള 40 തസ്തികകൾ (39 ടൈപ്പിസ്റ്റ് തസ്തികകളും ഒരു റോണിയോ ഓപ്പറേറ്റർ തസ്തികയും) സൂപ്പർന്യൂമററിയായി കണക്കാക്കുമെന്ന വ്യവസ്ഥയിലും ഇ-പെയ്മെന്റ് സംവിധാനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും രണ്ടുമാസത്തിനുള്ളിൽ ഫലപ്രദമായി നടപ്പിലാക്കണമെന്ന വ്യവസ്ഥയിലും സൃഷ്ടിക്കുവാനും 20.03.2013 ലെ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട് . |

Deepthi

സെക്ഷൻ ഓഫീസർ